14776
16/12/15

കേരള സർക്കാർ
സംഗ്രഹം

വനം വന്യജീവി വകുപ്പ് – ജീവനക്കാര്യം- മോട്ടോർ ആക്സിഡന്റ് ക്ലെയിം നൽകിയതുമായി ബന്ധപ്പെട്ടുണ്ടായ സർക്കാർ നഷ്ടം എഴുതിത്തള്ളി ഉത്തരവാകുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ(സാധാ) 536/2015/വനം** **തിരുവനന്തപുരം, തീയതി: 10/12/2015**

**പരാമർശം:** ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24/06/2015 ലെ എഫ്1-2903/99 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചിലെ KLV-9076-ാം നമ്പർ ഡിപ്പാർട്ട്മെന്റ് ജീപ്പ് 12/11/1982 ന് കോഴിക്കോട് മീഞ്ചന്തയിൽ വച്ച് ശ്രീ.കെ.വി.അലവി എന്ന സൈക്കിൾ യാത്രക്കാരനെ ഇടിക്കുകയും ടിയാൻ നഷ്ടപരിഹാരത്തിനായി മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ കോടതിയെ സമീപിക്കുകയും MAC-287/86-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ പരാതിക്കാരന് നഷ്ടപരിഹാരമായി 60002/- രൂപ 12% പലിശയടക്കം നൽകുവാൻ ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപകടം നടന്ന സമയത്ത് ശ്രീ.സഹദേവനായിരുന്നു ഡ്രൈവറെന്നും ടിയാൻ 31/07/1995-ൽ വിരമിക്കുന്ന സമയത്ത് ടി കോടതി ഉത്തരവ് ലഭിക്കാത്തതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയെന്നും എന്നാൽ ഇപ്രകാരം സംഭവിച്ച സർക്കാർ നഷ്ടമായ 69050/-രൂപ എഴുതിത്തള്ളണമെന്നും പരാമർശ പ്രകാരം ഭരണ വിഭാഗം മുഖ്യവനപാലകൻ സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ടു ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിലും സർക്കാർ നഷ്ടം ഈടാക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ലായെന്ന സാഹചര്യവും പരിഗണിച്ച് കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് റേഞ്ചിലെ KLV-9076

നമ്പർ ജീപ്പ് 12/11/1982 ന് അപകടത്തിൽപ്പെട്ട് ഉണ്ടായ കേസിലെ നഷ്ടപരിഹാരതുക ഇനത്തിൽ സർക്കാരിനുണ്ടായ നഷ്ടമായ 69,050/- (അറുപത്തിഒൻപതിനായിരത്തി അൻപത് രൂപ മാത്രം.) എഴുതിത്തള്ളി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.വി.സുധീർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( നമ്പർ -71082/AWC2/2015/Fin, തീയതി 18/11/2015)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ